<u>**15 -ാം കേരള നിയമസഭ**</u>

<u>**16 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2287**</u> <u>**05-02-2026 - ൽ മറുപടിയ്ക്ക്**</u>

<u>**സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ദെലീമ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ച സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ; | (എ) | വിപണിയിടപെടൽ, നെല്ല സംഭരണം, 2013 ദേശീയ ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കൽ, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ച ഭക്ഷണ പദ്ധതി തുടങ്ങിയ വിവിധ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്ന സർക്കാർ ഏജൻസിയായി പ്രവർത്തിക്കുന്നത് സപ്ലൈക്കോയാണ്. ഓരോ പദ്ധതികൾക്കും സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയത് ലഭ്യമാകുന്നത് വരെ ബാങ്കുകളിൽ നിന്നുള്ള വായ്പ വഴിയും, തനത് ഫണ്ടിൽ നിന്നും പണം ക്രമീകരിച്ചുമാണ് സപ്ലൈകോ ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ബാങ്ക് വായ്പയുണ്ടാകുന്ന പലിശ ചെലവ് സപ്ലൈകോ വഹിക്കേണ്ടി വരുന്നുണ്ട്. 2016-17 മുതൽ 2023-24 വരെ വിപണിയിടപെടൽ പദ്ധതിയിൽ സപ്ലൈകോയ്ക്ക് 40%-50% വരെ നഷ്ടം നേരിടേണ്ടി വന്നു. 2024 ഫെബ്രുവരിയിൽ സബ്സിഡി വില വർദ്ധിപ്പിക്കുവാൻ സർക്കാർ അനുമതി നൽകിയത് പ്രകാരം സബ്സിഡി നഷ്ടം 20%-25% വരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിൽനിന്നും വിപണിയിടപെടൽ പദ്ധതിയിൽ സപ്ലൈകോയ്ക്ക് ഉണ്ടായ മുൻകാലനഷ്ടം ഉൾപ്പെടെ അനുവദിച്ചതിനാൽ സപ്ലൈകോയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. |
| (ബി) | സബ്സിഡി സാധനങ്ങളുടെ വില പുതുക്കി നിശ്ചയിക്കാൻ സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ; | (ബി) | 2016 മെയ് മാസത്തിൽ അധികാരത്തിൽ വന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന് അനുസൃതമായി, സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി വിൽപ്പന വില വർഷങ്ങളോളം (7 വർഷത്തോളം) വർദ്ധിപ്പിച്ചിരുന്നില്ല. സപ്ലൈകോയുടെ സബ്സിഡി വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കണമെന്ന് വിവിധകോണുകളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ആവശ്യമുയർന്നതിനെത്തുടർന്ന് ടി വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സാമ്പത്തിക ശാസ്ത്ര വിദഗ്ധനുമായ ശ്രീ കെ. രവിരാമൻ അധ്യക്ഷനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സമിതി വിഷയം പഠിച്ച് സർക്കാരിലേയ്ക്ക് ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 16-02-2024 തീയതിയിലെ സ.ഉ.(കൈ) നം. 3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില പൊതു വിപണി വിലയിൽ നിന്നും ഓരോ ഇനത്തിനും 35 ശതമാനം സബ്സിഡി നൽകി പുതുക്കി നിശ്ചയിച്ചിരുന്നു.<br><br>16-02-2024 തീയതിയിലെ ടി സർക്കാർ ഉത്തരവ് പ്രകാരം തുടർന്നും സബ്സിഡി നിരക്ക് പൊതുവിപണി വിലയുമായി വിശകലനം ചെയ്ത് സർക്കാർ അനുമതിയോടെ പുതുക്കി നിശ്ചയിക്കുവാൻ സപ്ലൈകോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ഓരോ ഇനത്തിന്റെയും സബ്സിഡി വിൽപ്പന വില ഇക്കണോമിക് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറ് പ്രസിദ്ധപ്പെടുത്തുന്ന പ്രതിദിന പൊതു വിപണി വിലയുമായി താരതമ്യം ചെയ്ത് ആവശ്യമെങ്കിൽ സബ്സിഡി വിൽപ്പന വില കൂട്ടുവാനോ കുറക്കുവാനോ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ഈ പ്രൊപ്പോസൽ പരിഗണിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം സപ്ലൈകോ സബ്സിഡി വില്പന വില പുതുക്കുകയും ചെയ്യുന്നു. അവശ്യ ഘട്ടങ്ങളിൽ സബ്സിഡി നിരക്ക് പുതുക്കുന്നതിന് ഈ രീതി തുടർന്നു വരുന്നു. |
| (സി) | സപ്ലൈകോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപ്പിലാക്കിയ പുതിയ സംവിധാനം എന്താണ്; അത് എങ്ങനെയാണ് സഹായിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | സപ്ലൈകോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി സപ്ലൈകോ ERP സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ സാമ്പത്തിക അച്ചടക്കം കൈവരിക്കുവാനും പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായി നിരീക്ഷിക്കുവാനും ERP സംവിധാനം വഴി സാധിക്കുന്നു. സപ്ലൈകോയുടെ ഭരണപരമായ കാര്യങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നിർവ്വഹിക്കുന്നതിന് സപ്ലൈകോ ഹെഡ് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മേഖലാ ഓഫീസുകളിലും ഡിപ്പോ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |

| | | | |
|---|---|---|---|
| (ഡി) | വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ നടപ്പിലാക്കിയ മറ്റ് സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ഡി) | പൊതു വിപണിയിലെ വില നിലവാരം നിയന്തിക്കുന്നതിനായി സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ താഴെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള സംവിധാനങ്ങളാണ് നടപ്പാക്കിയിരിക്കുന്നത്.<br><br>(1) പൊതു വിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ നിശ്ചിത അളവിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും സപ്ലൈകോ വിൽപ്പന ശാലകൾ വഴി വിൽപ്പന നടത്തുന്നുണ്ട്. ഇതിനുപുറമേ, അരിയും പയറുവർഗ്ഗങ്ങളും മറ്റുമായി 41 ഇനം സാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറച്ചും പൊതു ജനങ്ങൾക്ക് ആവശ്യാനുസരണം ലഭ്യമാക്കി വരുന്നു.<br><br>(2) ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, വിവിധ മസാലപ്പൊടികൾ, ഉപ്പ്, വെളിച്ചെണ്ണ, പുട്ടുപൊടി, അപ്പംപൊടി മുതലായ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>(3) ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, പ്രമുഖ ബ്രാൻഡുകളിലുള്ള FMCG ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.<br><br>(4) ഓണം, ക്രിസ്തുമസ്, വിഷു, റംസാൻ, ഈസ്റ്റർ തുടങ്ങിയ ഉത്സവ കാലങ്ങളിൽ പ്രത്യേകം ഫെയറുകളും ചന്തകളും സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നു. ഗ്രാമീണമേഖലകൾ ഉൾപ്പെടുത്തി എല്ലാ നിയോജകമണ്ഡലകളിലും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ക്രമീകരിച്ചു വരുന്നു.<br><br>സപ്ലൈകോ നടത്തുന്ന മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ പൊതു വിപണിയിലെ വില നിലവാരം നിയന്തിക്കുവാൻ ഒരു പരിധി വരെ സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ